11500
6/6/18

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല – കണ്ണൂർ താലൂക്ക് - 18.04.2018 ൽ കാടാച്ചിറ സബ് രജിസ്ട്രാർ ഓഫീസിൽ വച്ചുണ്ടായ അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലിരിക്കെ മരണപ്പെട്ട വത്സരാജന്റെ കുടുംബത്തിന് അനുവദിച്ച ധനസഹായം വിതരണം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

**ജി.ഒ. (എം.എസ്) നമ്പർ. 214/2018/റവ.** **തിരുവനന്തപുരം, തീയതി, 05.06.2018**

പരാമർശം : 1. 14.05.2018 ലെ ജി.ഒ (എം.എസ്) നമ്പർ. 185/2018/റവ.

2. കണ്ണൂർ ജില്ലാ കളക്ടറുടെ 02.06.2018 ലെ M2-DCKNR/5037/18 നമ്പർ കത്ത്.

**ഉത്തരവ്**

18.04.2018 ൽ കാടാച്ചിറ സബ് രജിസ്ട്രാർ ഓഫീസിൽ വച്ചുണ്ടായ അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിത്സയിലിരിക്കെ 03.05.2018 ന് മരണപ്പെട്ട, കണ്ണൂർ ജില്ല, കാപ്പാട് പി.ഒ., ചേലോറ വില്ലേജ്, മണലിൽ ഹൗസിൽ വത്സരാജന്റെ (55 വയസ്സ്) കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) അല്ലെങ്കിൽ ചികിത്സയ്ക്ക് ചെലവായ തുക ഇതിൽ ഏതാണോ കൂടുതൽ ആ തുക അനുവദിച്ചും, ചികിത്സയ്ക്ക് ചെലവായ തുക തിട്ടപ്പെടുത്തി ജില്ലാ കളക്ടർ സർക്കാരിലേക്ക് റിപ്പോർട്ട് രണ്ട് ദിവസത്തിനകം സമർപ്പിക്കേണ്ടതും, തുടർന്ന് ടി തുക വിതരണം ചെയ്യുവാൻ അനുമതി നൽകുന്നതുമാണെന്നും നിഷ്കർഷിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരേതന്റെ ചികിത്സയ്ക്കായി 2,27,377/- രൂപ (രണ്ട് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി മുന്നൂറ്റി എഴുപത്തി ഏഴ് രൂപ മാത്രം) ചെലവായിട്ടുണ്ടെന്ന് പരാമർശം (2) പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മരണപ്പെട്ട വത്സരാജന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.എച്ച്.കുര്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
തഹസിൽദാർ, കണ്ണൂർ
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
പൊതുഭരണ (എസ്. സി.) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ